(എ) സംസ്ഥാനത്ത് ബാലവേല തടയുന്നതിന് എന്തൊക്കെ പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) പല മേഖലകളിലും ബാലവേല നിർബാധം തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബാലവേല കർശനമായി തടയുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ലേബർ ആന്റ് തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 1986-ലെ ചൈൽഡ് ലേബർ (പ്രോഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമവും 1993-ലെ കേരള ചൈൽഡ് ലേബർ പ്രോഹിബിഷൻ ആന്റ് റെഗുലേഷൻ റൂൾസും പ്രകാരം 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ കൊണ്ട് കഠിനാദ്ധ്വാനം ആവശ്യമുള്ളതും അപകടകരവുമായ തൊഴിൽ ചെയ്യിക്കുന്നത് നിരോധിച്ചിട്ടുണ്ട്. നിയമം കാര്യക്ഷമമായി നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ ഓരോ ജില്ലയിലും ജില്ലാ ലേബർ ഓഫീസർമാരെ (എൻഫോഴ്സ്മെന്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലേബർ വകുപ്പിലെ ഉദ്യോഗസ്ഥർ കൂട്ടായി സ്കാഡ് പ്രവർത്തനവും നടത്തി വരുന്നു. നിയമ ലംഘനം നടത്തുന്നതായി ബോദ്ധ്യപ്പെടുന്ന അവസരത്തിൽ തൊഴിൽ ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) അപകടകരമല്ലാത്ത തൊഴിലുകളിൽ കുട്ടികൾ ഏർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായി നിരോധിക്കണമെന്ന ഉദ്ദേശ്യത്തോടെ ബാലവേല നിരോധന ബിൽ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ ഒരു വർഷം നീണ്ട് നിൽക്കുന്ന വ്യാപകമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ബാല തൊഴിലാളികളുടെ പുനരധിവാസം, വിദ്യാഭ്യാസം എന്നീ കർമ്മ പരിപാടികൾ നടപ്പാക്കുന്നതിലും തൊഴിൽ വകുപ്പിന് ഉദ്ദേശ്യമുണ്ട്. സമയബന്ധിതമായ ഈ കർമ്മ പരിപാടി അവസാനിക്കുന്നതോടെ സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിയന്ത്രിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചൈനയുടെ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ

14(*194) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുത ഉത്പ്പാദനത്തിന് ജലവൈദ്യുത പദ്ധതികൾക്കാണോ ആവശ്യമായ വാതകം, കൽക്കരി എന്നിവയിൽ അധിഷ്ഠിതമായ വൈദ്യുതി പദ്ധതികൾക്കാണോ സർക്കാർ മുൻഗണന കൊടുക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾ ചൈനയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ഒപ്പിട്ട എം.ഒ.യു.വിന്റെ അടിസ്ഥാനത്തിൽ അവരുമായി ഏതെങ്കിലും പദ്ധതിപ്രവർത്തനം നടത്തുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കരാറിലേർപ്പെടുന്നതിന് നേരിടുന്ന കാല താമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ചൈനീസ് കമ്പനിയുമായി കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ "സിൽക്കും" ഒരു ധാരണാപത്രം ഒപ്പിട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുവാൻ പോകുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇംപ്ലിമെന്റിംഗ് ഏജന്റായി 'സിൽക്കി'നെ നിയമിക്കുന്നതിന് ചൈനീസ് കമ്പനിയുമായി ചർച്ച നടത്തുമോ ;

(എഫ്) 'പെരുവാറ' ചെറുകിട ജലപദ്ധതിയുടെ നിർമ്മാണം 'സിൽക്കോ'ണോ നടത്തിയത് ;

(ജി) കേന്ദ്ര സർക്കാർ ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുത്താൽ കേരളത്തിൽ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ ചുമതല ഏറ്റെടുക്കാൻ എൻ.ടി.പി.സി. തയ്യാറാണെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ച് എന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ജലവൈദ്യുത പദ്ധതികൾക്ക്.

(ബി&സി) 16 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രോജക്ടുകൾ തയ്യാറാക്കുവാനും അവയിൽ 4 എണ്ണം പൈലറ്റ് പ്രോജക്ടുകളായി പെട്ടെന്ന് ചെയ്ത് തീർക്കുവാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിനുള്ള ധാരണാപത്രം 4-5-1996-ൽ ഒപ്പ് വച്ചു. നാലു പൈലറ്റ് പദ്ധതികൾക്കുള്ള കരാർ 3-10-1998ലും എക്സ്പോർട്ട് ക്രെഡിറ്റിനുള്ള ധാരണാപത്രം 7-10-1998ലും ഒപ്പ് വച്ചിട്ടുണ്ട്. ഉപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള കരാർ ഉടനെ ഒപ്പ് വയ്ക്കുന്നതാണ്.

(ഡി) ഉണ്ട്. "സിൽക്കി"കരാർ എടുത്തിട്ടുള്ള പ്രോജക്ടുകൾക്കാവശ്യമായ ഉപകരണസാമഗ്രികൾ ചൈനയിൽ നിന്ന് വാങ്ങാൻ വേണ്ട സഹായ സഹകരണങ്ങൾക്കാണ് സിൽക്ക് എച്ച്ഐടി എന്ന അന്താരാഷ്ട്ര സ്ഥാപനവുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ളത്.

(ഇ) ബോർഡിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ജനറേറ്റിംഗ് ജെറ്റിന്റെ സപ്ലൈ, കറക്ഷൻ എന്നിവ 'സീൽക്കി' ആണ് ചെയ്തത്.

(ജി&എച്ച്) ഉണ്ട്. അനുയോജ്യമായ പദ്ധതികൾ എപ്രകാരമാണെന്ന കാര്യം എൻ.ടി.പി.സി. യുമായി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

15(*195) ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞി മുഹമ്മദ് :
ശ്രീ. എം. എ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും.വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിന്റെ ഊർജ്ജാവശ്യം നിറവേറ്റാൻ ഏറ്റവും അനുയോജ്യം ജലവൈദ്യുത പദ്ധതികളാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വൈദ്യുതി ഉൽപ്പാദനത്തിന് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ഇ) ഇവയുടെ പണി എന്നാണ് ആരംഭിച്ചത് ; എന്നത്തേക്ക് ഇവയുടെ പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഐ) ആതിരപ്പള്ളി ജലവൈദ്യുതപദ്ധതി നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly